30

# ക്രൂശിന്റെ വലിയ വാക്കുകൾ, 3

**1 യോഹന്നാൻ 2:1, 2**

*"അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു ..." (1 യോഹന്നാൻ 2:2).*

### "പ്രായശ്ചിത്തം"

വലിയ വാക്കായ "പ്രായശ്ചിത്തം" ഉച്ചരിക്കുവാൻ പ്രയാസവും പലപ്പോഴും തെറ്റായി ഉച്ചരിക്കുന്നതുമാണ്. ബുദ്ധിമുട്ടുള്ള ആശയമാണ് ആ വാക്ക് തരുന്നത് കാരണം അവിശ്വാസികൾ ആ ആശയത്തിന് മങ്ങലേല്പിച്ചിരിക്കുകയാണ്. ഇഷ്ടപ്പെടുന്ന കുട്ടിത്തമുള്ള വ്യാമോഹങ്ങൾ പോലെയാണ് അന്യദേവന്മാരുടെ വിഗ്രഹങ്ങളെ വരച്ചിരിക്കുന്നത്. രക്ത യാഗം അർപ്പിച്ചുകൊണ്ടു വിഗ്രഹത്തിന്റെ കോപത്തെ പ്രസാദിപ്പിക്കുക എന്നാണ് യേശുവിന്റെ കാലത്തു "പ്രായശ്ചിത്തം" എന്ന വാക്ക് സൂചിപ്പിച്ചിരുന്നത്.

ദൈവത്തിനു വൈകാരിക സ്ഥിതിയില്ല; വൃണപ്പെടുന്ന വികാരത്തിനപ്പുറമാണ് ദൈവം. മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങൾ മോചിച്ചു കൊടുക്കുകയും അതേ സമയത്ത് പാപത്തെ കൈകാര്യം ചെയ്യുന്നതുമായ ഒരു രക്ഷ അവൻ ഒരുക്കി. തന്റെ വ്യക്തിപരമായ യാഗത്താലാണ് യേശു ആ പ്രായശ്ചിത്തം നടത്തിയത്. ഒരർത്ഥത്തിൽ, നമ്മുടെ ശിക്ഷ ദൈവം വഹിച്ചു! ആ വിധത്തിൽ, അവനു നീതിമാനായിരിക്കയും അതേ സമയം പാപികളെ രക്ഷിക്കുകയും ചെയ്യാം.

മനുഷ്യൻ നീതിയുള്ളവനാകണം, പക്ഷെ അവൻ പാപിയായതുകൊണ്ട് അവനു ആ നീതി ഉണ്ടാക്കുവാൻ സാധ്യമല്ല. അതു ദൈവത്തിന്റേതാണ്, എന്നാൽ ദൈവത്തിനു പാപികളിൽ അതു "വെറുതെ പകരുവാൻ" സാധ്യമല്ല. ഉദാരമായ സമ്മാനങ്ങളാൽ പാപികൾക്ക് ദൈവത്തിന് തിരികെ കൊടുക്കാനോ, കൈക്കൂലി കൊടുക്കാനോ അല്ലെങ്കിൽ അവനെ പ്രീതിപ്പെടുത്താനോ കഴിയുകയില്ല. അവൻ നമുക്കുവേണ്ടി അന്തിമമായ, തികഞ്ഞ യാഗമായി തീർന്നു. അവൻ ആദ്യം നമ്മുടെ ജഡത്തെയും, പിന്നെ നമ്മുടെ പാപത്തെയും സ്വയം എടുത്തു. അവൻ

നമ്മുടെ യാഗ*വും*, മഹാപുരോഹി*തനും* ആണ് (എബ്രായർ 2:14–18). അവൻ നമ്മുടെ കർത്താ*വും* രക്ഷി*താവും* ആണ് (പ്രവൃത്തികൾ 2:36). അവൻ നമുക്കു പകരമായി തീർന്നയാഗമായിരുന്നു – എല്ലാ യെഹൂദ യാഗങ്ങളുടെയും നിറവേറൽ. അവൻ കുറ്റം ഉള്ളവനായിരുന്നില്ല; നമ്മുടെ പാപങ്ങൾക്കു പകരം അവൻ തന്നെ പാപം ആക്കി (2 കൊരിന്ത്യർ 5:17–21).

പാപത്തിന്റെ ആധിക്യത്തെ ബോധ്യപ്പെടുത്തുന്നതാണ് പ്രായശ്ചിത്തം. കോപം കൂടാതെയുള്ള സ്നേഹം വെറും മനോവികാരം മാത്രമാണ്. ദൈവികമായ സ്വയ – യാഗത്താൽ ദൈവകോപത്തെ തൃപ്തിപ്പെടുത്തുന്നതാണ് ദൈവകൃപ.

**"പാപപരിഹാരം"**

പാപികൾക്കു സ്വയം രക്ഷിക്കപ്പെടുവാൻ സാധ്യമല്ല എന്നു പുതിയ നിയമം പറയുന്നു. ക്രിസ്ത്യാനിത്വത്തിൽ മാത്രമാണ്, യേശു എന്ന രക്ഷകൻ ഉള്ളത്.

പ്രായശ്ചിത്തം (തൽഫലമായി നിരപ്പും) പാപപരിഹാരത്താൽ ലഭിക്കുന്നു (നിരപ്പിന്റെ പ്രവൃത്തിയാൽ). പ്രായശ്ചിത്തവും പാപപരിഹാരവും വേർപെടുത്താനാവാത്ത വിധം സമ്മിശ്രമായിരിക്കുന്നു. നിങ്ങൾ ഒരു പാപത്തിന് പരിഹാരം ചെയ്യുന്നു, എന്നാൽ നിങ്ങൾ ഒരു വ്യക്തിയെ സന്തോഷിപ്പിക്കുന്നു. പാപപരിഹാരം ഒരു ന്യായമായ സത്യമാണ്; പ്രായശ്ചിത്തം ന്യായമായ ഒരു സത്യത്തെ പ്രായോഗികമാക്കലാണ്. പാപപരിഹാരം തെറ്റിനെ നീക്കലാണ്; പാപം നിമിത്തമുണ്ടായ ദൈവകോപത്തെ നീക്കുന്നതാണ് പ്രായശ്ചിത്തം.

നമ്മുടെ "കൃപാസനം" യേശുവാണ് (റോമർ 3:25, 26). ക്രിസ്തു മുഖാന്തരം വരുന്ന വിശ്വാസ – നീതിയാണ് നമ്മുടെ നീതി. നമ്മുടെ പ്രായശ്ചിത്ത യാഗമായി തീർന്നതു യേശുവിന്റെ രക്തമാണ്. മനുഷ്യന്റെ പാപത്തെ വിധിച്ചതു ക്രൂശിലാണ്. പ്രായശ്ചിത്തം ചെയ്യുക എന്നാൽ പിഴ നല്കുക, വില കൊടുക്കുക എന്നതാണ് (1 യോഹന്നാൻ 2:1, 2); പ്രായശ്ചിത്തം ചെയ്യുന്നതു ദൈവനീതി തൃപ്തിപ്പെടേണ്ടതിനാണ്. നാം വിലെക്കു വാങ്ങപ്പെട്ടവരാണ്, നീതിമാനായ ദൈവം നമ്മെ യേശുവിൽ ഉള്ള വിശ്വാസം മൂലം നീതിമാന്മാരായി പ്രഖ്യാപിക്കുന്നു. നമ്മുടെ പാപങ്ങൾക്കു വില കൊടുത്തതു യേശു ആകകൊണ്ടു നാം പാപം മോചിക്കപ്പെട്ടവരാണെന്നു പ്രഖ്യാപിക്കുന്നു (നോക്കുക എബ്രായർ 2:17, 18; 1 യോഹന്നാൻ 4:9–11).

യേശു ആണ് നമ്മുടെ "പെസഹ" (1 കൊരിന്ത്യർ 5:7). ദൈവത്തിന്റെ പിന്നിലേക്കു മാറ്റുവാൻ അനുവദിച്ചു കൊണ്ട്, അവൻ നമ്മുടെ പാപങ്ങളെ മറച്ചു (നോക്കുക യെശയ്യാവു 38:17).

അത്യന്തം അക്ഷമനായി കോപത്തോടെ ക്രൂശിനകലെയായി ദൈവം നിൽക്കുകയില്ല. നമ്മുടെ കഷ്ടാവസ്ഥയിൽ അവൻ ബന്ധപ്പെട്ടു. ക്രിസ്തുവിൽ, നമ്മുടെ പാപങ്ങളുടെ പിഴ അവൻ സ്വയം ചുമന്നു – യാന്ത്രിക പകരംവയ്ക്കൽ ആയിട്ടല്ല, എന്നാൽ ഗാഢമായ വ്യക്തിപരമായ സ്നേഹത്താലാണ്. ക്രൂശ് മുഖാന്തരം അല്ലാതെ ദൈവത്തിനു നമ്മെ

സ്വീകരിപ്പാനോ, നമ്മോടു ക്ഷമിക്കുവാനോ കഴിയുകയില്ല.

### "ചുമത്തൽ"

ചുമത്തപ്പെട്ട നീതി എന്ന ആശയം ഉയർന്നതും എന്നാൽ നിസ്സാരവുമാണ്. പാപിയായ മനുഷ്യനു നീതിമാൻ ആകുവാൻ കഴിയുകയില്ല; അതുകൊണ്ടു, നീതി ചുമത്തൽ എന്ന നീതി മാത്രമെ അവനു ലഭ്യമായിട്ടുള്ളൂ. നീതീകരണത്തെ "സുവിശേഷത്തിന്റെ പരമോന്നത സത്യമെന്നാണ്" പറഞ്ഞിട്ടുള്ളത്. പാപമോചനം മുഖാന്തരം, ദൈവം പാപികളെ നീതിയുള്ളവർ, അല്ലെങ്കിൽ നീതിമാന്മാരാക്കുന്നു (റോമർ 8:1, 2).

കണക്കിന്റെ പ്രയോഗമാണ് ചുമത്തൽ, അതു സൂചിപ്പിക്കുന്നതു മറ്റൊരാളുടെ പണം എന്റെ എക്കൗണ്ടിലേക്കു ഇടുന്നു എന്നതാണ്. നമ്മുടെ പാപങ്ങൾ ക്രിസ്തുവിൽ ചുമത്തുകയും, പിന്നെ, പൗലൊസ് പറഞ്ഞതുപോലെ, "വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ദൈവത്തിൽ നിന്നും നീതി" നമുക്കു ലഭിക്കുകയും ചെയ്യുന്നു (ഫിലിപ്പിയർ 3:9; നോക്കുക യെശയ്യാവു 53:5, 6, 10, 11; റോമർ 4:11; 14:9; 1 പത്രൊസ് 2:24). ഫിലിപ്പിയർ 3:7–11 വായിക്കുകയും വീണ്ടും വായിക്കുകയും ചെയ്യുക. നമുക്കു കൃപ നേടി എടുക്കുവാൻ കഴിഞ്ഞെങ്കിൽ എന്നു നാം ആഗ്രഹിക്കും, എന്നാൽ കൃപ യോഗ്യമാക്കാവുന്നതല്ല! ബർട്ടൻ കോഫ്മാൻ വെൽ പറഞ്ഞു, "ഒരു ദശലക്ഷം വർഷം നീതിയുള്ള ജീവിതത്തിന്റെ യോഗ്യമായ പ്രവൃത്തികൾക്കൊന്നും ദൈവം ക്രിസ്തുവിൽ മനുഷ്യർക്കു സൗജന്യമായി നല്കുന്ന രക്ഷയുടെ ഒരംശം പോലും നേടുവാൻ സാധ്യമല്ല."[1] അതിൽ കൂടുതലായി, ചുമത്തപ്പെട്ട നീതി മനുഷ്യന്റെ അഹങ്കാരത്തെ നീക്കുന്നു. രക്ഷയിലുള്ള യോഗ്യമായ ഏക പ്രവൃത്തി ക്രൂശ് മാത്രമാണ്.

### "മറുവില"

കൂടുതൽ - അറിയപ്പെടുന്നതും ഏറ്റവും അധികം തെറ്റിദ്ധരിക്കപ്പെടുന്ന നിരപ്പിന്റെ ഒരു ഭാഗവുമാണ് "മറുവില." അടിമകളെ മോചിപ്പിക്കുന്നതിനു വിലനല്കുന്നതാണ് മറുവില, പാപികൾ പാപത്തിന്റെ അടിമകളാണ്. ദൈവം ക്രൂശിൽ സാത്താനെ എന്നേക്കുമായി നിശബ്ദനാക്കി (മത്തായി 20:28; ഗലാത്യർ 3:13; 1 തിമൊഥെയൊസ് 2:5, 6; തിത്തൊസ് 2:14, 15), അവിടെയാണ് നമ്മെ വീണ്ടെടുക്കുവാൻ കുഞ്ഞാടിന്റെ രക്തം കൊടുത്തത്. ഏറ്റവും വലിയ വിജയമെന്നു സാത്താൻ വിചാരിച്ചതു അവന്റെ അന്തിമപരാജയം ആയിരുന്നു! യേശു നമുക്കുവേണ്ടി മരിച്ചു – നമ്മുടെ പാപത്തിനുള്ള ഒരു വിലയായും നമ്മുടെ മരണത്തിനുപകരവുമായി. ഒരു കാരണത്തിനുവേണ്ടി ഒരു രക്തസാക്ഷിയായല്ല അവൻ മരിച്ചത്, മറിച്ച്, അവൻ സ്വയമായി തന്റെ ജീവൻ നമുക്കുവേണ്ടി മറുവിലയായി കൊടുത്തു. പാപത്തെ ക്ഷമിക്കപ്പെടുന്നതും മനുഷ്യനെ രക്ഷിക്കപ്പെടുന്നതും ആക്കി തീർത്തത് യേശുവാണ്. നമ്മുടെ വീണ്ടെടുപ്പുകാരൻ ജീവിക്കയാൽ, ഹല്ലേലുയ്യ!

ആർക്കാണ് ആ മറുവില കൊടുത്തത്? ദൈവം പാപികളെ സാത്താനിൽ നിന്നും തിരിച്ചു വാങ്ങുകയല്ല ചെയ്തത്. ദൈവം ആരുമായും

കൂടിയാലോചന നടത്തുകയില്ല! നാം “പാപത്തിൻ കീഴിലേക്കു വില്ക്കപ്പെട്ടതായിരുന്നു” (റോമർ 7:14; എൻകെജെവി), എന്നാൽ നാം സാത്താനു വില്ക്കപ്പെട്ടവരല്ല. സാത്താനല്ല, ദൈവമാണ്, ക്രൂശിൽ തൃപ്തിയടഞ്ഞത് (1 യോഹന്നാൻ 2:1, 2). സാത്താൻ “കുറ്റം ആരോപിക്കുന്നവനാണ്” (വെളിപ്പാട് 12:9, 10). പാപത്തെ ശിക്ഷിക്കാതെ ദൈവത്തിനു വിശുദ്ധൻ ആയിരിക്കുവാൻ സാധ്യമല്ല. പാപത്തിന്റെ പിഴ ഒടുക്കണം.

മറുവില സമൂഹത്തിനുമല്ല നല്കിയതു. പാപത്തെ കൈകാര്യം ചെയ്യുവാൻ സമൂഹത്തിനു കോടതിയോ നിയമമോ ഇല്ല. ദൈവത്തിന്റെ വിശുദ്ധിയും നീതിയും തൃപ്തിപ്പെടേണ്ടതിനായിരുന്നു മറുവില കൊടുത്തത്. മറുവില കൊടുത്തതുകൊണ്ടു, കടക്കാരൻ മുഴുവനായി ഉടമസ്ഥാവകാശിയായി. പാപത്തിന്റെ പരിഹാസത്തിനുള്ള തൃപ്തിയാണ് മറുവില. ന്യായപ്രമാണത്തിന്റെ പിഴ (റോമർ 6:23) കൊടുത്തു, അങ്ങനെ അതിന്റെ പവിത്രത നീതീകരിച്ചു. പാപത്തിന്റെ ഗൗരവത്തെ വെളിപ്പെടുത്തുന്നതാണ് മറുവില. നാം സുവിശേഷം വിശ്വസിച്ചു അനുസരിക്കുമ്പോൾ, നമുക്കു രക്ഷ സൗജന്യമായി തരുന്നു. സാത്താനെ അധികാരഭ്രഷ്ടനാക്കുക മാത്രമല്ല, പാപത്തെയും യേശു കൈകാര്യം ചെയ്തു. പാപത്തെ അതിജീവിക്കുന്നതിലൂടെ, യേശു മരണത്തെയും അതിജീവിച്ചു. അവന്റെ കൃപയുടെ മഹത്വത്താൽ അല്ലാതെ പാപ - കടം കൊടുത്തു തീർപ്പാൻ കഴിയുകയില്ല.

വീണ്ടെടുക്കപ്പെട്ടവർ എന്താണ് വീണ്ടെടുപ്പു എന്നതു മറക്കരുത്!

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

---

കുറിപ്പ്

[1]ജെയിംസ് ബർട്ടൺ കോഫ്മാൻ, *കമെന്ററി ഓൺ റോമൻസ്* (ആസ്റ്റിൻ, ടെക്സ്.: ഫെം ഫൗണ്ടേഷൻ പബ്ളിഷിങ്ങ് ഹൗസ്, 1973), 122.

© 2009 Truth for Today